# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.274/2025** **തിരുവനന്തപുരം, തീയതി. 22.12.2025**

# പത്രക്കുറിപ്പ്

## പ്രൈവറ്റ് രജിസ്ട്രേഷൻ

കേരളസർവകലാശാല 2025-26 അക്കാദമിക് വർഷത്തിലെ ബിഎ/ബികോം/ബിഎ അഫ്സൽ-ഉൽ-ഉലാമ/ബിബിഎ/ബികോം അഡീഷണൽ ഇലക്ടീവ് കോ-ഓപ്പറേഷൻ/ ബികോം അഡീഷണൽ ഇലക്ടീവ് ട്രാവൽ & ടൂറിസം എന്നീ കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന 2025 ഡിസംബർ 24 മുതൽ അപേക്ഷിക്കാം. പിഴകൂടാതെ 2025 ഡിസംബർ 31 വരെയും പിഴയോടെ 2026 ജനുവരി 20 വരെയും അപേക്ഷ സ്വീകരിക്കുന്നതാണ്. അപേക്ഷയും അനുബന്ധ രേഖകളും അവസാന തീയതിക്കുള്ളിൽ കേരളസർവകലാശാല തപാൽ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. വിജ്ഞാപനത്തിന്റെ വിശദവിവരങ്ങൾ www.de.keralauniversity.ac.in, www.keralauniversity.ac.in എന്നീ വെബ്സൈറ്റുകളിൽ 2025 ഡിസംബർ 24 മുതൽ ലഭ്യമാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗം 2025 ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംബിഎ (സപ്ലിമെന്ററി – 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2018, 2019 അഡ്മിഷൻ) ബിരുദ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗം 2025 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംബിഎ (മേഴ്സിചാൻസ് – 2018, 2019 അഡ്മിഷൻ) ബിരുദ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബിഎഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഐ.ഡി.) (2015 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2025 ഡിസംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കോമ്പ്രിഹെൻസീവ് വൈവ & ഡിസർട്ടേഷൻ വൈവ

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ നാലാം സെമസ്റ്റർ എംഎഡ് ഡിഗ്രി പരീക്ഷയോടനുബന്ധിച്ച് നടത്തുന്ന കോമ്പ്രിഹെൻസീവ് വൈവ, ഡിസർട്ടേഷൻ വൈവ പരീക്ഷകൾ 2026 ജനുവരി 07 മുതൽ 21 വരെ തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എജ്യൂക്കേഷൻ, പന്തളം എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജ് എന്നീ കേന്ദ്രങ്ങളിലായി നടക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ കീഴിലുള്ള ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ പി.ജി ഡിപ്ലോമ ഇൻ പാലിയോഗ്രാഫി ആന്റ് കൺസർവേഷൻ ഓഫ് മാനുസ്ക്രിപ്റ്റ്സ് കോഴ്സിലേക്ക് (റെഗുലർ) 2025-26 അഡ്മിഷന് വേണ്ടിയുള്ള അപേക്ഷ ക്ഷണിച്ചു. യോഗ്യത: ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം. കുറഞ്ഞത് 50% മാർക്കോടെ പാസായിരിക്കണം. SC/ST വിഭാഗത്തിലുള്ള അപേക്ഷകർക്ക് കേരളസർവകലാശാല മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഇളവ് ഉണ്ടായിരിക്കുന്നതാണ്. പ്രായപരിധിയില്ല. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2026 ജനുവരി 15. വിശദവിവരങ്ങൾക്കും അപേക്ഷാഫോറത്തിനും വെബ്സൈറ്റ് സന്ദർശിക്കുക (www.keralauniversity.ac.in). ഫോൺ : 0471-2308421/9446370168.

## പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷയ്ക്ക് (ഡിസംബർ 2025 സെഷൻ) അപേക്ഷകൾ ക്ഷണിച്ചു. പിഴ കൂടാതെ അപേക്ഷിക്കേണ്ട അവസാന തീയതി 2026 ജനുവരി 09. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**